# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3524** **22.08.2017**-ൽ മറുപടിക്ക്

## ട്രോമാകെയർ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| കൊല്ലം ജില്ലയിൽ ട്രോമാകെയർ സംവിധാനമുള്ള സർക്കാർ ആശുപത്രികളുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | കൊല്ലം ജില്ലയിലെ ആശുപത്രികളിലെ ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൊല്ലം ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുള്ള അത്യാഹിത വിഭാഗം മാത്രമാണുള്ളത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനമുള്ള ട്രോമാകെയർ സെന്റർ ഇല്ല. എന്നാൽ ഈ ആശുപത്രിയിൽ പൂർണ്ണ തോതിലുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ ഒരുക്കിയിട്ടുണ്ട്. കാഷ്വാലിറ്റി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. C-Arm,ട്രോമാകെയർ കോട്ട് എന്നിവ ഉള്ളതിനാൽ ഓർത്തോ സർജറികൾ നടത്തുന്നുണ്ട്.<br><br>കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. അത്യാഹിത വിഭാഗം പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് 2016-17 വർഷം അനുവദിച്ച 90 ലക്ഷം രൂപയിൽ നിന്ന് രണ്ട് മോണിറ്റർ, ഹ്യൂമിഗേഷൻ ഡിസ്പെൻസർ, ഡയാതെർമി മെഷീൻ, C-Arm എന്നിവ വാങ്ങിയിട്ടുണ്ട്.<br><br>പുനലൂർ, ശാസ്താംകോട്ട, കടയ്ക്കൽ, നീണ്ടകര, എന്നീ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറും അത്യാഹിത വിഭാഗവും ഉണ്ട്. കുണ്ടറ, നെടുങ്ങോലം എന്നീ താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**